# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 958 10.06.2019 -ലെ മറുപടി

## കിള്ളിയാറിൽ പാർശ്വഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ജഗതി പാലത്തിനും മൈലാടിക്കടവ് പാലത്തിനും ഇടയിൽ കിള്ളിയാറിന്റെ വലത് ഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും 98 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി പുറപ്പെടുവിച്ച് രണ്ടുവർഷം പിന്നിട്ടിട്ടും സാങ്കേതികാനുമതി നൽകുന്നതിനോ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനോ മേജർ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഭാഗത്തു നിന്നും നടപടിയുണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ യെന്ന് വിശദമാക്കുമോ ; | (എ) യും & (ബി) യും<br>ഉണ്ട്. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കുവേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റിൽ ചില വ്യക്തതകൾ വരുത്തുന്നതിനായി, ബന്ധപ്പെട്ട ഫീൽഡ് ഓഫീസർക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലവിഭവ വകുപ്പിന്റെ കീഴിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും എത്രയും വേഗം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) കിള്ളിയാറിൽ നിന്നും ജലം സമീപ പ്രദേശങ്ങളിലേയ്ക്ക് കയറുമെന്ന ജനങ്ങളുടെ ആശങ്ക കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ